141. സംസ്ഥാനതല കായികക്ഷമതാ പരിപാടി തൃശൂരിൽ ഉൽഘാടനം ചെയ്തു. 10 വയസ്സിനും 17 വയസ്സിനും ഇടയിൽ വരുന്ന കുട്ടികളാണ് ഈ പരിപാടിയിൽ ഉൾപ്പെട്ടിരുന്നത്. ഒരു നിശ്ചിത പരിധിക്ക് മുകളിൽ കായികക്ഷമത തെളിയിച്ച കുട്ടികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. നമ്മുടെ ഭാവി തലമുറയുടെ കായികവും മാനസികവുമായ ഉന്നമനത്തിന് ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കുമെന്ന് പ്രതീക്ഷിക്കുന്ന ഈ പദ്ധതിക്ക് 6 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

142. സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവജനക്ഷേമ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിന് 14 ജില്ലാ യൂത്ത് സെന്ററുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഞാൻ 28 ലക്ഷം രൂപ വകയിരുത്തുന്നു.

143. സാമൂഹ്യവികസന പ്രവർത്തനങ്ങളുടെ വിവിധ മേഖലകളിൽ യുവജനങ്ങളുടെ പങ്കാളിത്തം വളരെ വലുതാണ്. സാക്ഷരതാ പ്രസ്ഥാനം, പരിസ്ഥിതി സംരക്ഷണം, മതസൗഹാർദ്ദ പ്രോത്സാഹനം, ദേശീയോദ്ഗ്രഥനം എന്നിവ ഇവയിൽ ചിലതാണ്. ക്ലബ്ബുകൾ വഴിയും യുവജന പ്രസ്ഥാനങ്ങൾ വഴിയും നടത്തപ്പെടുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് ശരിയായ അംഗീകാരം നൽകുക വഴി മറ്റുള്ളവർക്ക് മാതൃകയായി ഉയരുവാൻ ഇവർക്ക് കഴിയുന്നതാണ്. ഈ ലക്ഷ്യം മുൻനിർത്തി കേരളത്തിലെ യുവതീ-യുവാക്കൾക്ക് 'യൂത്ത് അവാർഡുകൾ' ഏർപ്പെടുത്തുവാനും 'ബെസ്റ്റ് ക്ലബ്ബ്' അവാർഡ് ഏർപ്പെടുത്തുവാനും ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഇതിനായി 10 ലക്ഷം രൂപ ഗ്രാന്റായി നൽകുമെന്നറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

144. മൂന്നാർ അഡ്വഞ്ചർ സ്പോർട്സ് അക്കാദമി പ്രവർത്തന ക്ഷമമായി. തൊഴിൽ സാധ്യതയുള്ള പാരാഗ്ലൈഡിങ്, ട്രക്കിങ് തുടങ്ങിയ കോഴ്സുകൾ ഈ അക്കാദമിയിൽ തുടങ്ങുന്നതാണ്. സംസ്ഥാനത്ത് സാഹസിക വിനോദ സഞ്ചാരത്തെ പ്രോൽസാഹിപ്പിക്കുന്ന ഒരു കേന്ദ്രമായി ഈ അക്കാദമിയെ വികസിപ്പിക്കുന്നതാണ്.

145. സ്പോർട്സിനും യുവജനക്ഷേമത്തിനുമായി 28.34 കോടി രൂപ എന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**സ്പെഷ്യൽ ഒളിമ്പിക്സ്**

146. സമൂഹത്തിലെ ഏറ്റവും നിർഭാഗ്യവിഭാഗങ്ങളെ നാം സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നു എന്നതിന് ദൃഷ്ടാന്തമാണ് ശാരീരിക, മാനസിക വൈകല്യമുള്ളവർക്കായി ഏർപ്പെടുത്തിയിട്ടുള്ള വാർഷിക സ്പെഷ്യൽ ഒളിമ്പിക്സ് ആയിരക്കണക്കിന് വികലാംഗ സഹോദരി സഹോദരന്മാരെ കൊണ്ടുവരുവാനും നമുക്കിടയിൽ അവരുടെ സാന്നിദ്ധ്യം അംഗീകരിക്കുവാനും ഈ ഉദ്യമത്തിന് കഴിഞ്ഞു. ഇതിന് നൽകുന്ന സഹായം നമുക്ക് അവരോടുള്ള പ്രതിബദ്ധതയ്ക്കുള്ള തെളിവാണ്. ഇതിനായി ഞാൻ 10 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു.

**സഹകരണം**

LIBRARY ARCHIVES Kerala Legislative Assembly

147. സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക പുനർനിർമ്മാണത്തിനും ആസൂത്രിത വികസനത്തിനുമുള്ള ഫലപ്രദമായ ഒരു ഉപകരണമായി തീർന്നിട്ടുണ്ട്, സഹകരണരംഗം. ഈ പ്രസ്ഥാനത്തെ കൂടുതൽ സ്വാശ്രയമാക്കുവാനും പ്രവർത്തനങ്ങളെ വികസിപ്പിക്കുവാനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

148. സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിൽ ആവശ്യത്തിന് സീറ്റുകൾ ലഭ്യമല്ലാത്തതിനാലാണ് നമ്മുടെ കുട്ടികൾ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് അന്യസംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളെ ആശ്രയിക്കുന്നത്. പ്രൊഫഷണൽ വിദ്യാഭ്യാസരംഗത്ത് അടിസ്ഥാന സൗകര്യം വർധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം സർക്കാർ അംഗീകരിക്കുന്നു. അതേസമയം തന്നെ കൂടുതൽ പ്രൊഫഷണൽ സാധ്യതകൾ ഉണ്ടാക്കാനുള്ള ശ്രമം പാവപ്പെട്ടവരുടേയും അവസരം നിഷേധിക്കപ്പെടുന്നവരുടേയും താൽപര്യം മറികടന്നുകൊണ്ട് ആകരുതെന്ന് സർക്കാർ മനസ്സിലാക്കുന്നു. സഹകരണരംഗത്ത് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് ഒരു അക്കാദമി (CAPE) തുടങ്ങാൻ സർക്കാർ തീരുമാനിച്ചത് ഈ കാരണത്താലാണ്. തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ പ്രൊഫഷണൽ സ്ഥാപനങ്ങൾ ഈ അക്കാദമി വഴി തുടങ്ങുന്നതാണ്. അടുത്തവർഷം വിഭവ സമാഹരണയജ്ഞം രൂപപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യമുണ്ടാക്കുന്നതിന് ധനസഹായം നൽകുന്നതിനും സ്പെഷ്യൽ ഗ്രാന്റായി 50 കോടി രൂപ ഈ അക്കാദമിക്ക് നൽകുന്നു. സംസ്ഥാനത്ത് മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത തരത്തിലുള്ള ഒരു പദ്ധതിയാണിത്.

149. സംസ്ഥാനത്തെ കർഷകർക്കായുള്ള 'സ്വാശ്രയസംഘങ്ങളെ' സഹായിക്കാനായി ഒരു സ്പെഷ്യൽ പദ്ധതി തുടങ്ങുവാൻ സഹകരണ വകുപ്പ് ഉദ്ദേശിക്കുന്നു. ഈ ഗ്രൂപ്പുകൾക്ക് അടുത്ത വർഷം പലിശരഹിത വായ്പ നൽകുവാനായി 5 കോടി രൂപ ഞാൻ ഉൾക്കൊള്ളിക്കുന്നു.

150. സംസ്ഥാനത്ത് സഹകരണ പ്രസ്ഥാനം വഹിക്കുന്ന പങ്കിന്റെ മകുടോദാഹരണമാണ് ദിനേശ് ബീഡി വർക്കേഴ്സ് സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി. 1969-ൽ തുടങ്ങിയ ഈ സ്ഥാപനം ഇന്ന് 42,000 പേർക്ക് തൊഴിൽ നൽകുന്നു. ഇന്ന് സൊസൈറ്റി വൈവിധ്യവത്കരണ ശ്രമത്തിന്റെ ഭാഗമായി വിവരസാങ്കേതികവിദ്യ, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ പുതിയ മേഖലകളിലേക്ക് കടക്കുകയാണ്. സഹകരണരംഗത്ത് മത്സരിച്ച് മുന്നേറാൻ കഴിയുമെന്ന് ഉദാഹരണമായി എടുത്തുകാട്ടാവുന്ന ഈ സ്ഥാപനത്തിന്, എല്ലാവിധ സർക്കാർ സഹായങ്ങളും നൽകേണ്ടത് പരമപ്രധാനമാണ്. ഈ സൊസൈറ്റിക്ക് 50 ലക്ഷം രൂപ ഗ്രാന്റായി നൽകാൻ ഞാൻ ഉദ്ദേശിക്കുന്നു. കൂടാതെ സൊസൈറ്റിയിലെ തൊഴിലാളികളെ തൊഴിൽകരം നൽകുന്നതിൽനിന്ന് ഒഴിവാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് ഈ നിർദ്ദേശം നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്കാരം
1148/2010.

LIBRARY ARCHIVES Kerala Legislative Assembly

school take roots and contribute richly to the development of sports in our State, I am providing a one-time grant of Rs. 15 lakhs.

140. An expert committee comprising of MLAs has been constituted to submit a report on the youth welfare activities in the State. Their report is awaited. To encourage talent in rural areas, it is proposed to institute a scheme of awarding prize money for the winners in the Keralautsavam at the District Level.

141. The State-wide Physical Fitness Programme was inaugurated in Trissur District. Children between the ages of 10 and 17 are covered in this programme. Children who are identified as physically fit above a stipulated level are awarded certificates. This visionary scheme is expected to have very far-reaching implications for the physical and mental well being of our future generations. I am setting apart Rs. 6 lakh for this scheme in my budget.

142. The Kerala State Youth Welfare Board proposes to establish 14 District Youth Centres to co-ordinate youth welfare activities in the States. I shall provide Rs. 28 lakhs for this purpose.

143. There is a high level of youth participation in several spheres of social and developmental activities. They include literacy movement environment protection, promoting communal harmony and national integration among others. These activities often done through clubs and youth movements have to be recognized adequately so that they will serve as examples for others to emulate. To this end, Government intends to set up the Kerala State Youth Awards for young men and women as well as Awards for the Best Club in the State. I am happy to announce a grant of Rs. 10 lakhs for the purpose.

144. The Munnar Adventure Sports Academy has become operational. Course with employment opportunities like Paragliding, trekking etc will be started in this Academy. This institution will developed as a hub for promoting Adventure Tourism in the State.

145. Sports and Youth Welfare has been allocated an amount of Rs. 28.34 cr. in my budget.

**Special Olympics**

146. The Annual Special Olympics for the physically and mentally handicapped is an expression of our love and caring for the most disadvantaged section of our society. This event brings thousands of our handicapped brothers and sisters and a seeks to recognize their presence amidst us. It would be tribute to our commitment to them to offer assistance for this. I am setting apart Rs. 10 lakhs as assistance for the event.

**Cooperation**

LIBRARY ARCHIVES Kerala Legislative Assembly

147. The co-operative sector in Kerala has become an effective instrument for the socio-economic reconstruction and planned development of the State's economy. This Government is committed to make this a self-reliant movement and broad base the activities in this Sector.

148. The lack of adequate number of seats in the Professional College of our States is the main reason why our young boys and girls have to rely on institutions elsewhere for their professional education. Government recognizes the importance of increasing necessary infrastructure for professional education within the State. At the same time we realized that the interest of the poor and deprived should not be overlooked in our zeal to open up more professional avenues. This is the reason why Government has set up a Cooperative Academy for Professional Education. This Academy will be instrumental in setting up professional institutions in selected districts in the State. During the year, I intend to work out a resource mobilization drive and finance the infrastructure creation through a special grant of Rs. 50 cr. To CAPE. This will be an unprecedented programme of its kind in the State.

149. The Co-operative Department intends to launch a special scheme for helping Self Help Group for farmers in the State. I intend to provide Rs. 5 cr. For giving interest free loans to these groups in the next year.

150. Dinesh Beedi Worker's Central Co-operative Society is a prime example of the role that the co-operative movement plays in the State. Started in 1969, this Society provides employment to 42000 under its umbrella. Today the Society is all set to make an effort at diversification into news ventures in IT, Animal Husbandry and dairying. It is important that Government extends all possible assistance for this Society, which has come to be regarded as an example worthy of emulation in the Co-operative Sector. I intend to provide a grant of Rs. 50 lakhs for the Society. In addition, Government intends to exempt the employees of the Society from payment of Professional Tax. The Local Self Government will give shape to necessary proposals towards this.

**Culture**

151. The Manaveeyam Cultural Mission has been able to provide a rich and impressive fair of cultural programmes in the State as a part of welcoming the new millennium.

152. The Multi-purpose cultural complex constructed with the assistance from Government of India will be dedicated to the nation next year.

153. The Cultural Institutions, the State Language Institute, the State Encyclopaedia Institute, State Children's Literature Institute Kerala Sahitya Academy, Kerala Sangeetha Nataka Academy intends to introduce a pension scheme for its staff. I will be providing Rs. 4 cr. As Government contribution for this purpose.

LIBRARY ARCHIVES Kerala Legislative Assembly